# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 74

10.12.2012-- ൽ
മറുപടിക്ക്.

## എമർജിംഗ് കേരള

ചോദ്യം

ശ്രീ. സി. ദിവാകരൻ

ഉത്തരം

ശ്രീ. ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ)'എമർജിംഗ് കേരള്'യുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നാളിതുവരെ എന്ത് തുക ചെലവഴിച്ചു ; | (എ) എമർജിംഗ് കേരളയുടെ നടത്തിപ്പിന്റെ നോഡൽ ഏജൻസിയായ കെ.എസ്.ഐ.ഡി.സി നാളിതുവരെ 16.67 കോടി രൂപാ ചെലവഴിച്ചു. |
| (ബി)'എമർജിംഗ് കേരള്'യിലൂടെ ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ? | (ബി) കേരളത്തെ നിക്ഷേപക സൌഹൃദ സംസ്ഥാനമാക്കുക എന്ന ലക്ഷ്യത്തോടെ 2012 സെപ്ററംബർ 12 മുതൽ 14 വരെ കൊച്ചിയിൽ സംഘടിപ്പിച്ച സംഗമമാണ് 'എമർജിംഗ് കേരള്'. എമർജിംഗ് കേരളയിലൂടെ കേരളത്തിലെ അവസരങ്ങളും സാദ്ധ്യതകളും ലോകത്തിനു മുന്നിൽ അവതരിപ്പിക്കുക എന്നതായിരുന്നു പ്രസ്തുത സംഗമത്തിന്റെ പ്രധാന ലക്ഷ്യം. ഇതുമൂലം വ്യവസായം, ഇൻഫർമേഷൻ ടെക്നോളജി, അടിസ്ഥാന സൌകര്യ വികസനം, ടൂറിസം, കൃഷി, ഊർജ്ജം, ആരോഗ്യം, സയൻസ് ആന്റ് ടെക്നോളജി, ഉന്നത വിദ്യാഭ്യാസം, തുറമുഖം, തുടങ്ങിയ മേഖലകളിൽ നിക്ഷേപകർ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. അവർ സമർപ്പിച്ച നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾ പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ